"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർ ജൻ മാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം -ഡോ.അഞ്ജു. പി.എം ഫയൽ ചെയ്ത ഒഎ (ഇകെഎം) 881/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 20-07-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2743/2023/H&FWD തീയതി,തിരുവനന്തപുരം, 19-10-2023

പരാമർശം:-

1. സഉ (സാധ) 1518/2023/ആകുവ തീയതി 26.06.2023
2. സഉ (സാധ) 1603/2023/ആകുവ തീയതി 04.07.2023
3 ഡോ.അഞ്ജു.പി.എം സമർപ്പിച്ച അപ്പീൽ അപേക്ഷ
4. ഡോ.അഞ്ജു പി.എം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ (ഇകെഎം) 881/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 20.07.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

ഉത്തരവ്

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, എറണാകുളം വടക്കൻ പറവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായ ഡോ.അഞ്ജു. പി.എം-ന് മലപ്പുറം പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. പ്രസ്തുത നടപടിക്രമത്തിനെതിരായി ഡോ.അഞ്ജു. പി.എം പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ (ഇകെഎം) 881/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റിയോട് ടിയാളെ നേരിൽ കേൾക്കുന്നതിനും ടിയാളുടെ അപ്പീൽ പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

(2) തുടർന്ന് ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ പരിശോധിക്കുന്നതിന് പരാമർശം (1) ,(2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകയേയും എതിർ കക്ഷികളേയും നേരിൽ കേൾക്കുകയും അപേക്ഷകയുടെ അപ്പീൽ വിശദമായി പരിശോധിക്കുകയും ഉണ്ടായി. ഡോ.അഞ്ജു പിഎം-ന്റെ അപ്പീൽ പരിശോധിച്ചതിന്റെയും ടിയാളെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, ടിയാളെ എറണാകുളം വടക്കൻ പറവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ നിലനിർത്തുന്നതിനും , ആലപ്പുഴ പബ്ളിക് ഹെൽത്ത് ലാബിൽ അസിസ്റ്റന്റ് സർജനായ ഡോ.സൗമ്യ വാസുദേവനെ എറണാകുളം അയ്യംപള്ളി കുടുംബാരോഗ്യ കേന്ദ്രത്തിലോ മറ്റേതെങ്കിലും സൗകര്യ പ്രദമായ സ്ഥലത്തേക്കോ

നിയമിക്കുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (3) പ്രകാരമുള്ള അപ്പീൽ തീർപ്പാക്കാവുന്നതാണെന്ന് കമ്മിറ്റി ശിപാർശ ചെയ്തിരിക്കുന്നു

(3) കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചുകൊണ്ട് ഡോ. അഞ്ജു പി.എം നെ എറണാകുളം വടക്കൻ പറവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ നിലനിർത്തുന്നതിനും , ആലപ്പുഴ പബ്ളിക് ഹെൽത്ത് ലാബിൽ അസിസ്റ്റന്റ് സർജനായ ഡോ.സൗമ്യ വാസുദേവനെ എറണാകുളം അയ്യംപള്ളി കുടുംബാരോഗ്യ കേന്ദ്രത്തിലോ മറ്റേതെങ്കിലും സൗകര്യ പ്രദമായ സ്ഥലത്തേക്കോ നിയമനം നൽകുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി പരാമർശം (4) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം(ആമുഖക്കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം

ഡോ.അഞ്ജു .പി.എം ,അസിസ്റ്റന്റ് സർജൻ താലൂക്കാസ്ഥാന ആശുപത്രി , വടക്കൻ പറവൂർ ,എറണാകുളം

ഡോ.സൗമ്യ വാസുദേവൻ ,അസിസ്റ്റന്റ് സർജൻ, പബ്ളിക് ഹെൽത്ത് ലാബ് ആലപ്പുഴ

ഡോ.കൃഷ്ണകുമാർ.കെ , അസിസ്റ്റന്റ് സർജൻ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി,കടക്കൽ ,കൊല്ലം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 20-10-2023 16:17:49

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-12078/2023/ആ.വ.ഡ തീയതി 21.10.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**